ക്കാർക്കും കുറഞ്ഞ വരുമാനക്കാർക്കും വേണ്ടിയാണ് ഇത് ഉദ്ദേശിച്ചിട്ടുള്ളത്. അവരുടെ സൗകര്യത്തിനുവേണ്ടി ചെയ്യുമ്പോൾ മറ്റുള്ളവർക്ക് അസൗകര്യമുണ്ടാകാതിരിക്കാൻ എല്ലാ ഏർപ്പാടുകളും ചെയ്യുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പുകൊടുക്കാൻ ഞാൻ തയ്യാറാണ്. ഇവരുടെ ആക്ഷേപങ്ങളും എന്താണെന്നുവച്ചാൽ അതെല്ലാം കേൾക്കുകയും അവയ്ക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യും. അതല്ലാതെ എവിടെയെങ്കിലും ആളുകൾ തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങളും ഒന്നും എടുക്കുകയില്ല. അഥവാ ഒന്നോ രണ്ടോ വീടുകളും എടുക്കേണ്ടിവന്നാൽ അവരേയും റീഹാബിലിറ്റേറ്റു ചെയ്യും. അതിന്റെ പ്രൊവിഷനും ഹൗസിംഗ് ബോർഡിനുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർക്ക് ആശങ്കയുണ്ടാകേണ്ട ആവശ്യമില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

(2) വീട് കത്തിനശിച്ച മൽസ്യത്തൊഴിലാളികൾക്ക് ധനസഹായം ചെയ്യുന്നത് സംബന്ധിച്ച്

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, ഇന്നലത്തെ ശ്രദ്ധ ക്ഷണിക്കലിന് ഇന്നു മറുപടി പറയാമെന്നു പറഞ്ഞിരുന്നു. 400 ഓളം മൽസ്യബന്ധന തൊഴിലാളികളുടെ വീടുകൾ 17-2-78-ൽ കത്തിനശിച്ചതിന് ആശ്വാസ നടപടികൾ സ്വീകരിക്കാനായി 25-3-78-ൽ ഗവൺമെന്റ് 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക 7-5-74-ലെ ഗവൺമെന്റ് ആർഡറിലെ വ്യവസ്ഥകൾ അനുസരിച്ചായിരിക്കണം എന്നും അറിയിച്ചിരുന്നു. എന്നാൽ ഈ സംഭവം നടന്നത് ഫിഷർമെൻ വെൽഫെയർ കോർപ്പറേഷന്റെ പ്രവർത്തനം യഥാർത്ഥത്തിൽ ആരംഭിക്കുന്നതിനു മുൻപായിരുന്നു. അതേസമയത്ത് ജില്ലാ കളക്ടറും ഫിഷറീസ് ഡയറക്ടറും മുൻകൂട്ടി നടപടിയെടുത്തു കഴിഞ്ഞിരുന്നു. വീട് കത്തിനശിച്ച 349 മൽസ്യത്തൊഴിലാളികൾക്ക് നേരിട്ട നഷ്ടം കണക്കിലെടുത്തുകൊണ്ട് 50 രൂപ മുതൽ 3000 രൂപവരെ ധനസഹായം നൽകി. 2,70,577 രൂപ സഹായധനം നൽകുകയുണ്ടായി. അതുപോലെതന്നെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽനിന്ന് 5 കിലോഗ്രാം വീതം നൈലോൺ നൂൽ 468 മൽസ്യത്തൊഴിലാളികൾക്ക് സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. ഈ റിപ്പോർട്ട് ഫിഷർമെൻ വെൽഫെയർ കോർപ്പറേഷനും ലഭിക്കുകയുണ്ടായി. ഫിഷർമെൻ റിലീഫ് ഫണ്ട് റൂൾസ് അനുസരിച്ച് വീട് നശിച്ചവർക്ക് പരമാവധിസഹായം 100 രൂപയാണ്. വല നശിച്ച ആർക്കുംതന്നെ ധനസഹായം നൽകണമെന്നുമില്ല.

മേൽ പ്രസ്താവിച്ചതുപോലെ സാധാരണയിൽ കവിഞ്ഞ കാര്യമായ സഹായം ലഭിച്ചു കഴിഞ്ഞതിനാൽ ഫിഷർമെൻ റിലീഫ് ഫണ്ടിൽനിന്ന് ഇനിയും ഇതിനുപരിയായി ധനസഹായം ലഭിക്കാൻ അർഹതയില്ലാത്തതുകൊണ്ടാണ് കോർപ്പറേഷൻ തുക വിതരണം ചെയ്യാതിരുന്നത്. ഈ നിലപാട് ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക മേൽ പ്രസ്താവിച്ച കാരണത്താൽ ഇതുപോലെയുള്ള എന്തെങ്കിലും കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. 3-4-79-ൽ ബഹുമാനപ്പെട്ട മെമ്പറുടെ ഒരു ചോദ്യത്തിനുത്തരമായി ഈസംഗതി വ്യക്തമാക്കിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly